**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **07-06-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജകമണ്ഡലത്തിലെ ഫയർ & റസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ പാലോട് ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18-02-2021ലെ സ.ഉ.(എം.എസ്)നം.51/2021/ആഭ്യന്തരം പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത സ്റ്റേഷൻ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുന്നതിന് മതിയായ സൗകര്യങ്ങളോട്ടു കൂടി കെട്ടിടം ലഭ്യമാകേണ്ടതുണ്ട്. ആയതിനൊപ്പം സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സ്റ്റേഷനുകളിൽ നിന്നും കണ്ടെത്തുകയോ ചെയ്യേണ്ടതുണ്ട്. ആയതിനു ശേഷം സ്റ്റേഷൻ പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്റ്റേഷൻ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത സ്റ്റേഷൻ താൽക്കാലികമായി പ്രവർത്തനം ആരംഭിക്കുന്നതിന് മതിയായ സൗകര്യങ്ങളോട്ടു കൂടി കെട്ടിടം ലഭ്യമാകേണ്ടതുണ്ട്. ആയതിനൊപ്പം സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സ്റ്റേഷനുകളിൽ നിന്നും കണ്ടെത്തുകയോ ചെയ്യേണ്ടതുണ്ട്. ആയതിനു ശേഷം സ്റ്റേഷൻ പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്- പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും, തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര(എഫ്) വകുപ്പ്

G.O.(Ms) No.51/2021/HOME തീയതി,തിരുവനന്തപുരം, 18/02/2021

---

പരാമർശം:- 1 26.02.2016-ലെ സ.ഉ.(സാധാ) 658/2016/ആഭ്യന്തരം ഉത്തരവ്.

2 29.09.2016-ലെ സ.ഉ.(സാധാ) നം.2996/16/ആഭ്യന്തരം ഉത്തരവ്.

3 05.05.2018-ലെ സ.ഉ(സാധാ) 1300/2018/ആഭ്യന്തരം ഉത്തരവ്.

4 30.10.2020-ലെ സ.ഉ.(കൈ) 204/2020/ആഭ്യന്തരം ഉത്തരവ്.

5 കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 07.01.2021-ലെ എഫ്1-6428/2020 നമ്പർ കത്ത്.

6 കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 06.02.2021-ലെ എഫ്1- 6023/2017,എഫ്1- 5993/2016,എഫ്1-8065/2017,എഫ്1-458/2021 നമ്പർ കത്തുകൾ.

7 കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 08.02.2021-ലെ എഫ്1- 1855/2021, എഫ്1-4319/2017,എഫ്1-15378/2021 നമ്പർ കത്തുകൾ.

ഉത്തരവ്

അഗ്നിരക്ഷാ സേവന വകുപ്പിനു കീഴിൽ താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറന്മുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകുന്നതിനും അഭ്യർത്ഥിച്ച് ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശ കത്തുകൾ പ്രകാരം ശുപാർശകൾ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്നിരക്ഷാ സേവന വകുപ്പിനു കീഴിൽ മലപ്പുറം ജില്ലയിലെ താനൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, തിരുവനന്തപുരം ജില്ലയിലെ കല്ലമ്പലം എന്നിവിടങ്ങളിലായി 5 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ഫയർ സ്റ്റേഷനുകളിൽ ഓരോന്നിലും ചുവടെ ചേർക്കും പ്രകാരം 13 തസ്തികകൾ വീതം ആകെ 65 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ

പുറപ്പെടുവിക്കുന്നു.

| ക്രമനം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 |
| 3 | സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ | 2 |
| 4 | ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) | 2 |
| 5 | ഫയർ & റെസ്ക്യൂ ഓഫീസർ | 6 |
| 6 | കാഷ്വൽ സ്വീപ്പർ | 1 |
| | ആകെ | 13 |

3. കൂടാതെ ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറൻമുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T K JOSE
ADDITIONAL CHIEF SECRETARY

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

3) പൊതുഭരണ(എസ്.സി.) വകുപ്പ് (ഇനം.നം.4769)

3) ധനകാര്യ വകുപ്പ് (10.02.2021-ലെ EXP- A3/68/2021-Fin. (E 1698662) പ്രകാരം)

4) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.

5) കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by ANITHA RAJ V
Date: 2021.02.18 13:25:56 IST
Reason: Approved
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.